# വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
# (ഹാജർ - അനുപമ റ്റി വി , ഐ എ എസ്)

വിഷയം —വനിതശിശു വികസന വകുപ്പ് — ജീവനക്കാര്യം — സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം —അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം-1. വനിത ശിശു വികസന ഡയറക്ടറുടെ 01/02/2021 തീയതിയിലെ E7/13023/20 നമ്പർ നടപടിക്രമങ്ങൾ

2. വനിത ശിശു വികസന ഡയറക്ടറുടെ 04.02.2021 തീയതിയിലെ WCD/E8-12035/20 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ - WCD-E4/4886/21 തീയതി- 16/02/2021**

വനിത ശിശു വികസന വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് പരാമർശം (1) പ്രകാരം ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖേനയും വകുപ്പിൽ ഉണ്ടായിരുന്നതുമായ ഒഴിവുകൾ ചേർത്ത് സീനിയർ ക്ലാർക്ക് തസ്തികയിൽ ആകെ 14 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. ഈ ഒഴിവുകളിലേയ്ക്ക് പരാമർശം (2) പ്രകാരമുള്ള ക്ലാർക്ക് / ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയിട്ടുള്ളതുമായ ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാർക്ക് കെ എസ് & എസ് എസ് ആർ ചട്ടം28 എ(1) പ്രകാരം 25200-54000 രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗ കയറ്റം അനുവദിച്ചും അവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു

| ക്രമ നമ്പർ | ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ ഉദ്യോഗ കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പുഷ്പ പി.എം ,<br>ക്ലാർക്ക് ടൈപ്പിസ്റ്റ്<br>ഐ.സി.ഡി.എസ്, മേലടി | 1 | ഐ.സി.ഡി.എസ്<br>മതിലകം | 50വയസ്സ്<br>പൂർത്തിയായിട്ടുണ്ട് |
| 2 | മനു രവീന്ദ്രൻ, ക്ലാർക്ക്<br>കോഴിക്കോട് അർബൻ 1 | 6 | ഐ.സി.ഡി.എസ്<br>കാളികാവ് | |
| 3 | സുബീഷ്.കെ , ക്ലാർക്ക്<br>ഐ.സി,ഡി.എസ്<br>ചേളന്നൂർ | 7 | ജില്ലവനിതാ ശിശു<br>വികസന ഓഫീസ്,<br>വയനാട് | |
| 4 | രതീഷ് ലാൽ , ക്ലാർക്ക്<br>ഐ.സി,ഡി.എസ് പള്ളം<br>(deployment) | 8 | ഐ.സി,ഡി.എസ്<br>പള്ളം | |
| 5 | പി.പി.സോഫി<br>ക്ലാർക്ക്<br>ഐ.സി.ഡി.എസ്<br>റാന്നി അഡീഷണൽ | 14 | ഐ.സി.ഡി.എസ്<br>വൈക്കം | |
| 6 | അനിത.എ.എസ്<br>(deputation)<br>ക്ലാർക്ക് ടൈപ്പിസ്റ്റ് | 26 | | ഡപ്യൂട്ടേഷനിൽ<br>തുടരാൻ<br>അനുവദിക്കുന്നു |
| 7 | ജോമി ജോസ് , ക്ലാർക്ക്<br>ഐ.സി.ഡി.എസ്<br>മാടപ്പള്ളി അഡീഷണൽ | 35 | ഐ.സി.ഡി.എസ്<br>ഏറ്റുമാനൂർ<br>അഡീഷണൽ | |
| 8 | ദേവി കെ.വി, ക്ലാർക്ക്<br>ചിൽഡ്രൻസ് ഹോം ,<br>എറണാകുളം | 36 | ചിൽഡ്രൻസ് ഹോം ,<br>എറണാകുളം | |
| 9 | അനൂജ് .എം , ക്ലാർക്ക്<br>ജില്ലവനിതാശിശു<br>വികസനഓഫീസ്, കണ്ണൂർ | 37 | വനിതാശിശു<br>വികസന<br>ഡയറക്ടറേറ്റ് | |
| 10 | അംബിക മേരി.വൈ,<br>ക്ലാർക്ക് ടൈപ്പിസ്റ്റ്<br>ഐ.സി.ഡി.എസ് ചിറ്റുമല | 38 | വനിതാശിശു<br>വികസന<br>ഡയറക്ടറേറ്റ് | |
| 11 | ഗോപ കുമാർ എം.ജി<br>ക്ലാർക്ക്<br>പാമ്പാടി | 39 | ഐ.സി.ഡി.എസ്<br>കുവപ്പടി | |

| | | | | |
|---|---|---|---|---|
| 12 | ഷൈനി സ്റ്റീഫൻ , ക്ലാർക്ക്<br>ഐ.സി.ഡി.എസ്<br>അടിമാലി | 40 | ഐ.സി.ഡി.എസ്<br>തൊടുപുഴ | 50 വയസ്സ് പൂർത്തിയായിട്ടുണ്ട് |
| 13 | സൌമ്യ സി .ഡി<br>ക്ലാർക്ക് ടൈപ്പിസ്റ്റ്<br>ഐ.സി.ഡി.എസ്<br>ഇടപ്പള്ളി അഡീഷണൽ | 41 | ഐ.സി.ഡി.എസ്<br>പാറക്കടവ് | |
| 14 | രജില സി. കെ<br>ക്ലാർക്ക്<br>ഐ.സി.ഡി.എസ്<br>കുന്നംമ്മൽ | 42 | ജില്ലാ വനിതാ ശിശു വികസന ഓഫീസ് കാസർഗോഡ് | |

ക്രമ നമ്പർ 2 ശ്രീ മനു രവീന്ദ്രൻ, ക്രമ നമ്പർ 3 ശ്രീ സുബീഷ്.കെ , ക്രമ നമ്പർ 4 ശ്രീ രതീഷ് ലാൽ, ക്രമ നമ്പർ 11 ശ്രീ ഗോപ കുമാർ എം.ജി ,എന്നിവർ എസ്.സി വിഭാഗത്തിൽ പെട്ട ജീവനക്കാരായതിനാലും ക്രമ നമ്പർ 5 ശ്രീമതി പി.പി.സോഫി ,എസ്.ടി വിഭാഗത്തിൽ പെട്ട ജീവനക്കാരിയായതിനാലും നിർബന്ധിത ടെസ്റ്റ് യോഗ്യതകൾ നേടുന്നതിൽ നിന്ന് താൽക്കാലികമായി ഒഴിവാക്കി കെ.എസ് & എസ്.എസ്.ആർ ചട്ടം 13 എ(1) (എ) പ്രകാരം താൽക്കാലികമായിട്ടാണ് സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗ കയറ്റം അനുവദിച്ചിട്ടുള്ളത് .ഈ ജീവനക്കാർ ഈ ഉത്തരവ് തീയതി മുതൽ മൂന്നു വർഷ കാലയളവിനുള്ളിൽ സീനിയർ ക്ലാർക്ക് തസ്തികയ്ക്ക് ആവശ്യമായ ടെസ്റ്റ് യോഗ്യത നേടേണ്ടതാണ് .നിശ്ചിത കാലയളവിനുള്ളിൽ ടെസ്റ്റ് യോഗ്യത നേടാത്ത പക്ഷം ഇവരെ ക്ലാർക്ക് തസ്തികയിലേയ്ക്ക് തരം താഴ്ത്തുന്നതാണ് .താൽക്കാലിക ഉദ്യോഗ കയറ്റം നൽകിയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ കാര്യാലയ മേധാവി ജീവനക്കാരുടെ സേവന പുസ്തകത്തിൽ നിർബന്ധമായും വരുത്തേണ്ടതാണ് .

ഈ ഉദ്യോഗ കയറ്റ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജീവനക്കാർ സമർപ്പിച്ചിട്ടുള്ള സ്ഥലം മാററ അപേക്ഷകൾ പരിഗണിച്ച ജീവനക്കാർക്ക് താഴെ പറയും പ്രകാരം സ്ഥലം മാറ്റം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സ്ഥലംമാറ്റം**

| ക്രമ നമ്പർ | ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സ്ഥലംമാറ്റി നിയമിക്കുന്ന കാര്യാലയം |
|---|---|---|
| 1 | റീജിത് എം കെ<br>സീനിയർ ക്ലാർക്ക്<br>ഐ.സി.ഡി.എസ് കാളികാവ് | ഐ.സി.ഡി.എസ് ചേളന്നൂർ |

| | | |
|---|---|---|
| 2 | സുബൈർ വി .പി<br>സീനിയർ ക്ലാർക്ക്<br>ജില്ല വനിതാ വികസന ഓഫീസ്, വയനാട് | ഐ.സി.ഡി.എസ്<br>കുന്നമംഗലം |
| 3 | രതീഷ് കുമാർ എം<br>സീനിയർ ക്ലാർക്ക്<br>വനിതാശിശു വികസന ഡയറക്ടറേറ്റ് | ഐ.സി.ഡി.എസ് മുതുകുളം |
| 4 | ലിജ്ഞ മാത്യു<br>സീനിയർ ക്ലാർക്ക്<br>ഐ.സി.ഡി.എസ് വൈക്കം | ഐ.സി.ഡി.എസ്<br>അമ്പലപ്പുഴ |
| 5 | ജമീൻഷാ<br>സീനിയർ ക്ലാർക്ക്<br>ഐ.സി.ഡി.എസ് തൂത്താല | ഐ.സി.ഡി.എസ് ഒറ്റപ്പാലം |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനു അർഹതയുണ്ടായിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത പ്രവേശന കാലത്തിനും യാത്രാബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവി വിടുതൽ ചെയ്യേണ്ടതും, ജീവനക്കാൻ/ജീവനക്കാരി യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജീവനക്കാരുടെ വിടുതൽ / പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ട് കാര്യാലയ മേധാവികൾ അയച്ചുതരേണ്ടതാണ്.

( ഒപ്പ് )

വനിത ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് –

1. ബന്ധപ്പെട്ട കാര്യാലയമേധവികൾക്ക്
2. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക്
3. ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്
4. സൂപ്രണ്ട് ഐ റ്റി സെൽ
5. ഡയറക്ടറുടെ സി എ
6. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

Suniak

സൂപ്രണ്ട്